ഡോ. കെ.എൻ പണിക്കർ

# 1857-ലേത് അധിനിവേശവിരുദ്ധ ജനകീയ സമരം

**ഇന്ത്യാ** ചരിത്രത്തിലെ സുപ്രധാന നാഴികക്കല്ലായിരുന്നു 1857-ലെ ഒന്നാം സ്വാതന്ത്ര്യസമരം. ബ്രിട്ടീഷ് അധിനിവേശത്തിനെതിരായ ഒരു രീതിയിലുള്ള സമരത്തിന്റെ അവസാനവും മറ്റൊരു രീതിയിലുള്ള സമരത്തിന്റെ തുടക്കവുമായിരുന്നു അത്. കൊളോണിയൽ അധിനിവേശം ആരംഭിച്ച ദിനം മുതൽതന്നെ അതിനെതിരായ പ്രതിരോധവും തുടങ്ങിയിട്ടുണ്ട്. പക്ഷേ, പ്രതിരോധത്തിന് എന്നും ഒരേ സ്വഭാവമല്ല ഉണ്ടായിരുന്നത്. 18, 19, 20 നൂറ്റാണ്ടുകളിൽ സ്വാതന്ത്ര്യസമരം വ്യത്യസ്ത സ്വഭാവത്തിലാണ് നടന്നത്. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നടന്ന കൊളോണിയൽവിരുദ്ധ പ്രക്ഷോഭങ്ങളിൽ പല വിഭാഗത്തിലും പെട്ട ആളുകൾ പങ്കാളികളാവുകയുണ്ടായി. സാധാരണക്കാർ, കർഷകർ, തൊഴിലാളികൾ, ഭൂപ്രഭുക്കന്മാർ, നാട്ടുരാജാക്കന്മാർ തുടങ്ങിയവരെല്ലാം സാമ്രാജ്യത്വത്തിനെതിരെ അണിനിരന്നു. കേരളത്തിലും ഉത്തരേന്ത്യയിലും ഇതിന് ഉദാഹരണങ്ങളുണ്ട്. നാട്ടുരാജാക്കന്മാരുടെ കൂടെ സാധാരണക്കാരും സമരത്തിൽ അണിനിരന്നു. അതിന് പല കാരണങ്ങളുമുണ്ടാകും. യഥാർഥത്തിൽ, സമ്പത്തും ഭൂമിയും ജീവിതസാഹചര്യങ്ങളും നഷ്ടപ്പെട്ടവർ ഇന്ത്യയിലാകെ ബ്രിട്ടീഷുകാർക്കെതിരെ സമരം ചെയ്തു. ഇത്തരം നൂറുകണക്കിന് സമരങ്ങൾ ഇന്ത്യയിൽ നടന്നു.

സമരരംഗത്തുണ്ടായിരുന്നവരിൽ ചിലരുടെ പേരുകൾ നാം കേട്ടിട്ടുണ്ട്. കേൾക്കാത്തവരാണ് കൂടുതൽ. അവരുടെ ചരിത്രം നമുക്കറിയില്ല. ചരിത്രകൃതികളിൽ കാണുന്നത് ബ്രിട്ടീഷുകാർ എങ്ങനെ ഇന്ത്യ കീഴടക്കി എന്നതാണ്. ചരിത്രകാരന്മാർ വിജയികളുടെ ചരിത്രമാണ് എഴുതിയിട്ടുള്ളത്. പരാജിതരുടെ ചരിത്രം വളരെ കുറച്ചു മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. എങ്ങനെയാണ് ഇന്ത്യൻ ജനത ബ്രിട്ടീഷുകാരെ ചെറുത്തത് എന്നല്ല, ബ്രിട്ടീഷുകാർ എങ്ങനെ ഇന്ത്യ കീഴടക്കി എന്നാണ് നാം പഠിക്കുന്നത്. വിജയികളെക്കുറിച്ച കാഴ്ചപ്പാടുകൾ നമുക്കുണ്ട്, പക്ഷേ പരാജിതരെക്കുറിച്ച കാഴ്ചപ്പാടുകൾ രേഖപ്പെടുത്തപ്പെട്ടിട്ടില്ല.

ഒന്നോ രണ്ടോ വർഷം കൊണ്ടല്ല കൊളോണിയൽ അധിനിവേശം ഇവിടെ സ്ഥാപിതമായത്. നൂറ് വർഷം നീണ്ട യുദ്ധത്തിനുശേഷമാണ് സാമ്രാജ്യത്വം നമ്മുടെ നാട് കീഴടക്കിയത്. നൂറ് വർഷം നീണ്ട ഈ അധിനിവേശശ്രമങ്ങളെ ഇന്ത്യൻ ജനത എങ്ങനെയാണ് നോക്കിക്കണ്ടത് എന്നു നാം പരിശോധിക്കണം. 1840-ൽ 'കറുപ്പ് യുദ്ധത്തി'ലൂടെ ബ്രിട്ടൻ ചൈനയെ കീഴടക്കി. തങ്ങളാണ് ലോകത്തിലെ ഏറ്റവും പരിഷ്കൃതർ എന്നാണ് ചൈനക്കാർ കരുതിയിരുന്നത്. പക്ഷേ, ചൈനക്കാർക്ക് അധിനിവേശത്തെ ചെറുത്തുനിൽക്കാനായില്ല. അവരുടെ ബുദ്ധിജീവികൾ മലകളിലും മറ്റും പോയിരുന്ന് എന്തുകൊണ്ടാണ് തങ്ങൾ പരാജയപ്പെട്ടത് എന്ന് ചിന്തിച്ചു. സാംസ്കാരികവും രാഷ്ട്രീയവും സൈനികവുമായ ശക്തി എങ്ങനെ സംഭരിക്കാം എന്ന് അവർ ചിന്തിച്ചു. എന്നാൽ ഇന്ത്യയിൽ അത്തരം ശ്രമങ്ങളൊന്നും ഉണ്ടായില്ല. ബ്രിട്ടീഷുകാരെ അനുകരിക്കാനാണ് ഇവിടെ ശ്രമിച്ചത്. അതുകൊണ്ടുതന്നെ 1857-ലെ സമരം പരാജയപ്പെട്ടു. ബ്രിട്ടീഷുകാർ ഏതു രീതിയിലാണോ ഇവിടെ ആധിപത്യം സ്ഥാപിച്ചത് അതേ രീതിയിൽ അവരെ നേരിടാൻ ശ്രമിച്ചു. അതിൽ വിജയിക്കാനായില്ല.

സങ്കീർണതകളുള്ള വിഷയമാണ് 1857-ലെ സ്വാതന്ത്ര്യസമരം. പല വശങ്ങളുമുണ്ടതിന്. പൂർണാർഥത്തിൽ അതിനെ നമുക്ക് മനസ്സിലാക്കാനായിട്ടില്ല. ശിപായി ലഹള എന്നാണതിനെക്കുറിച്ച ഒരു പ്രയോഗം. ഞാൻ ആ പേര് ഉപയോഗിക്കാൻ ഇഷ്ടപ്പെടുന്നില്ല. കാരണം അത് ബ്രിട്ടീഷുകാർ ഉപയോഗിച്ച പേരാണ്. ഇന്ത്യൻ സൈനികർ എന്നതാണ് ശരിയായ പ്രയോഗം എന്ന് ഞാൻ വിശ്വസിക്കുന്നു. സൈനികർ 1857-ലെ പ്രക്ഷോഭത്തിന്റെ പ്രധാന ഘടകമായിരുന്നു. 1857-ലേത് സൈനികരുടെ പ്രക്ഷോഭമോ അതോ സ്വാതന്ത്ര്യസമരമോ എന്ന ചോദ്യവും ഉയർന്നുവരാറുണ്ട്. ഈ ചോദ്യം ആദ്യം ചോദിച്ചത് ബ്രിട്ടീഷുകാരായിരുന്നു. ഇതും തെറ്റാണ്. ഇന്ത്യൻ സൈനികർക്കും സ്വാതന്ത്ര്യത്തിനായി പൊരുതാൻ അവകാശമുണ്ട്. അതിനാൽ അത് സ്വാതന്ത്ര്യസമരം തന്നെയാണ്. സൈനികരുടെ സമരമായതിനാൽ അത് സ്വാതന്ത്ര്യസമരമല്ലാതാകുന്നില്ല. ഉദ്ദേശ്യമെന്തായിരുന്നു എന്നതാണ് പ്രധാനം. അത് ബ്രിട്ടീഷ്‌വിരുദ്ധ സമരമായിരുന്നു. അതുകൊണ്ട് അത് സ്വാതന്ത്ര്യസമരവുമായിരുന്നു. സമരത്തിൽ ഇന്ത്യൻ സൈനികരുടെ പങ്ക് വളരെ വലുതായിരുന്നു. കാരണം ബ്രിട്ടീഷ് ഭരണത്തിനു കീഴിൽ ഇന്ത്യൻ സൈനികർ വലിയ പ്രയാസമനുഭവിച്ചിരുന്നു. അവർ കൂലിപ്പട്ടാളമായിരുന്നു. കൂലിപ്പട്ടാളത്തെ വലിയ സൈന്യമായി മാറ്റുകയായിരുന്നു. ബ്രിട്ടീഷ് സൈന്യത്തിന്റെ പ്രത്യയശാസ്ത്രത്തിന് ഇന്ത്യക്കാരായ സൈനികരെയും അടിമകളാക്കാൻ ശ്രമിച്ചു.

ബ്രിട്ടീഷ് സൈനികരുടെ ചരിത്രം രേഖപ്പെടുത്തിയ കൃതികൾ പരിശോധിക്കുന്ന ഓരോ റെജിമെന്റിനും ഓരോ പുസ്തകം ഉണ്ടായിരുന്നു. റെജിമെന്റ് കോഡ് എന്നാണത് അറിയപ്പെട്ടത്. ആ കൃതികളിൽ അതിനെക്കുറിച്ച് പറയുന്നുണ്ട്. 19-ാം നൂറ്റാണ്ടിന്റെ പകുതിയായപ്പോൾ സൈനിക പ്രത്യയശാസ്ത്രം സൈനികരെ കീഴടക്കി. രാവിലെ എഴുന്നേൽക്കുന്നതു മുതൽ ഭക്ഷണം കഴിക്കുന്നതുവരെ ഈ പ്രത്യയശാസ്ത്രത്തിന്റെ അടിസ്ഥാനത്തിലായിത്തീർന്നു. ഈ പ്രത്യയശാസ്ത്ര അടിമത്തത്തെ എങ്ങനെയാണ് സൈനികർ മറികടന്നത് എന്ന ചോദ്യമാണ് പ്രധാനം. സൈനികർക്ക് അത്തരമൊരു അടിമത്തത്തെ അതിജയിക്കാൻ എങ്ങനെ സാധിച്ചുവെന്ന ചോദ്യത്തിന് ചരിത്രകാരന്മാർ ഇനിയും ഉത്തരം കണ്ടെത്തിയിട്ടില്ല. 1857-ലെ സമരം ബ്രിട്ടീഷുകാർ നേരത്തേ പ്രതീക്ഷിച്ചിരുന്നുവെന്ന് അവരുടെ ചരിത്രരേഖകൾ പരിശോധിച്ചാൽ വ്യക്തമാകുന്നതാണ്. 1840-കളിൽ 'നമ്മുടെ സാമ്രാജ്യത്വം എന്നാണ് നമുക്ക് നഷ്ടപ്പെടുക'യെന്ന് ബ്രിട്ടീഷുദ്യോഗസ്ഥർ ചർച്ചചെയ്തിട്ടുണ്ട്. ബ്രിട്ടീഷ് സാമ്രാജ്യത്വം ഇന്ത്യയിൽ പൂർണമായി സ്ഥാപിതമായിട്ടില്ലാത്ത സന്ദർഭത്തിലാണ് ഈ ചർച്ച അവർ നടത്തിയിട്ടുള്ളത്. 'ഇന്ത്യയിലെ സൈന്യം നമ്മുടെ പ്രത്യയശാസ്ത്രത്തിന്റെ പിടിത്തത്തിൽ അമർന്നവരാണെ'ന്നായിരുന്നു അവർതന്നെ കണ്ടെത്തിയ മറുപടി. പിന്നെ എങ്ങനെയാണ് സൈന്യം അതിൽനിന്ന് രക്ഷപ്പെട്ടത്?

1857-ലെ സമരത്തിന്റെ ജനകീയ സ്വഭാവം രേഖപ്പെടുത്തിയത് കർഷകരുടെയും തൊഴിലാളികളുടെയും പങ്കാളിത്തമാണ്. പക്ഷേ, ആ സമരം ഉത്തരേന്ത്യയിലും മധ്യേന്ത്യയിലും മാത്രം ഒതുങ്ങിയതായിരുന്നു. ഇന്ത്യയിലെ പ്രധാന ബ്രിട്ടീഷ് സംസ്ഥാനങ്ങളായ ബംഗാൾ, ബോംബെ, മദ്രാസ് തുടങ്ങിയ സ്ഥലങ്ങളിൽ സമരം വ്യാപിച്ചില്ല. ദേശീയസമരം എന്ന് നാമതിനെ വിശേഷിപ്പിക്കുമ്പോൾ തന്നെ പ്രധാനപ്പെട്ട പല സ്ഥലങ്ങളിലും സമരം ഉണ്ടായിരുന്നില്ല എന്ന് ഓർക്കേണ്ടതാണ്. ഇതിന് പ്രധാന കാരണം ബോംബെ, ബംഗാൾ, മദ്രാസ് തുടങ്ങിയ സ്ഥലത്തെ ആധുനിക ബുദ്ധിജീവികൾ സമരത്തെ പിന്തുണച്ചില്ല എന്നതാണ്.

ആധുനിക ബുദ്ധിജീവികളുടെയും പരമ്പരാഗത ബുദ്ധിജീവികളുടെയും രണ്ട് ധാരകൾ അന്ന് ഇന്ത്യയിലുണ്ടായിരുന്നു. പരമ്പരാഗത ധാര സമരത്തെ പിന്തുണക്കുകയും സഹായിക്കുകയും ചെയ്തപ്പോൾ, ആധുനിക ബുദ്ധിജീവികൾ സമരത്തെ അനുകൂലിക്കാതെ ബ്രിട്ടീഷുകാരെ പിന്തുണക്കുകയാണ് ചെയ്തത്. മദ്രാസ്, ബോംബെ, കൽക്കത്ത തുടങ്ങിയ സ്ഥലങ്ങളിലെ ആധുനിക ബുദ്ധിജീവികൾ യോഗം ചേർന്ന് ബ്രിട്ടീഷ് അനുകൂല പ്രമേയം പാസ്സാക്കുകയും സാമ്രാജ്യത്വത്തിന്റെ വളർച്ചക്കു വേണ്ടി പ്രാർഥിക്കുകയും ചെയ്തു. വളർന്നുവന്ന സമരത്തിന് മധ്യവർഗത്തിന്റെയും ആധുനിക ബുദ്ധിജീവികളുടെയും പിന്തുണ ഉണ്ടായില്ല. പരമ്പരാഗത ബുദ്ധിജീവികൾ കർഷകരുടെയും തൊഴിലാളികളുടെയും കൂടെ ചേർന്നു.

ഗംഗാ തടത്തിലെയും വടക്കേ ഇന്ത്യയിലെയും കർഷകരുടെ സ്ഥിതി വളരെ പരിതാപകരമായിരുന്നു. ബ്രിട്ടീഷ് ഭരണത്തിൽ കർഷകർ നികുതിഭാരം കൊണ്ട് പ്രയാസപ്പെടുകയും ജീവിതം ദുഷ്കരമാവുകയും ചെയ്തു. പരമ്പരാഗത തൊഴിൽ മേഖലയിൽ തൊഴിലും ജീവിതമാർഗങ്ങളും നഷ്ടപ്പെട്ടു. അധിനിവേശകാലം ഇന്നത്തെ ആഗോളീകരണത്തിന് തുല്യമായ അവസ്ഥയാണ് സൃഷ്ടിച്ചത്. ഇത് കർഷകരുടെയും തൊഴിലാളികളുടെയും കുടുംബങ്ങളെ പ്രതിസന്ധിയിലാഴ്ത്തി. ഇത്തരം കർഷക കുടുംബങ്ങളിലെ അംഗങ്ങളായിരുന്നു സൈനികരിൽ മിക്കവാറും. അതുകൊണ്ട് കർഷക കുടുംബങ്ങളുടെ ദുരിതവും കഷ്ടപ്പാടും അവയിലെ അംഗങ്ങളായ സൈനികരുടെയും ദുരിതവും കഷ്ടപ്പാടുമായിരുന്നു. അത്തരം പ്രയാസങ്ങൾ പരിഹരിക്കാവുന്ന സാമ്പത്തികശേഷി സൈനികർക്ക് ഉണ്ടായിരുന്നില്ല. അതിന് നിരവധി കാരണങ്ങളുണ്ട്. ഇത് സൈനികർക്ക് സമരത്തിന് പ്രചോദനമായി വർത്തിച്ചു. അഥവാ, സൈനികപരാധീനതകളും സാമൂഹിക പരാധീനതകളും ഒത്തുചേർന്നതാണ് 1857 -ലെ സ്വാതന്ത്ര്യസമരത്തിന് കാരണം.

മതപരമായ കലാപമായിരുന്നില്ല 1857-ലേത്. മതം ഒരു കാരണമായിരുന്നു. പക്ഷേ, മതസമരമായിരുന്നില്ല അത്. സാമ്പത്തിക-രാഷ്ട്രീയ സമരമായിരുന്നു. മതം അതിൽ പങ്കുവഹിച്ചിട്ടുണ്ട്. കാരണം, 1857-ലെ ബ്രിട്ടീഷ് നിയമങ്ങളിൽ പലതും മതവികാരം വ്രണപ്പെടുത്തുന്നതായിരുന്നു. 1857-ലെയും 1921-ലെയും സമരങ്ങൾ താരതമ്യം ചെയ്താൽ ബോധ്യപ്പെടുന്നത് രണ്ടും തമ്മിൽ ചില വ്യത്യാസങ്ങളുണ്ടെന്നതാണ്. 1857-ൽ മതം സമരത്തിന് കാരണമായിരുന്നു, സമരത്തിന്റെ പ്രത്യയശാസ്ത്രമായിരുന്നില്ല. 1921-ൽ മതം സമരത്തിന്റെ പ്രത്യയശാസ്ത്രമായിരുന്നു, കാരണമായിരുന്നില്ല.

1857-ലെ സമരം ഇന്ത്യയിലെ പരമ്പരാഗത മതസൗഹാർദത്തിന്റെ പ്രതീകമായിരുന്നു. നാനാ സാഹബ്, ഝാൻസി റാണി ലക്ഷ്മി ഭായി മുതൽ സാധാരണക്കാരും സൈനികരുമുൾപ്പെടെ ഇന്ത്യൻ ജനത ആ സമരത്തിൽ അണിനിരന്നു. ബഹദൂർ ഷാ സഫറിനെ ചക്രവർത്തിയായി അംഗീകരിച്ചിരുന്നു അവർ. 1857 മെയ് 11-ന് മീററിൽനിന്ന് ദൽഹിയിലേക്ക് സൈനികർ വന്നത് ദൽഹിയെ കൊള്ളയടിക്കാനായിരുന്നില്ല. ദൽഹിയിലെ ജനം ഉണർന്നിട്ടില്ലാത്ത സമയത്ത് അവിടെയെത്തിയ സൈനികർ നേരെ പോയത് ചെങ്കോട്ടയിലേക്കാണ്. 80 വയസ്സു കഴിഞ്ഞ ബഹദൂർഷാ സഫറിനെ കാണുകയായിരുന്നു അവരുടെ ലക്ഷ്യം. യാതൊരു സ്വാധീനവും അധികാരവുമില്ലാതിരുന്ന അവശനായിരുന്നു ബഹദൂർ ഷാ അപ്പോൾ. സാമ്പത്തികമായി ഒന്നുമില്ലാത്ത പെൻഷണറായിരുന്നു അദ്ദേഹം. പക്ഷേ, അദ്ദേഹത്തെ ചക്രവർത്തിയാക്കാനാണ് സൈന്യം ചെന്നത്. അതൊരു വലിയ ചരിത്രസംഭവമാണ്. മുഗൾ രാജാവ് ഷാ ആലമിനെ ബ്രിട്ടീഷുകാർ സ്ഥാനഭ്രഷ്ടരാക്കിയ ശേഷം ഒരു സ്വാധീനവും മുഗളന്മാർക്കുണ്ടായിരുന്നില്ല. അവരെ ധിക്കരിക്കുകയായിരുന്നു ബ്രിട്ടീഷുകാർ ചെയ്തത്. പക്ഷേ, ഇന്ത്യയിലെ ഹിന്ദു രാജാക്കന്മാർ പോലും സ്ഥാനാരോഹണം നടത്തുമ്പോൾ മുഗൾ ഭരണാധികാരികളിൽനിന്ന് അനുമതി വാങ്ങാറുണ്ടായിരുന്നു. ഹിന്ദു രാജാക്കന്മാരുൾപ്പെടെ ഇന്ത്യയിലെ എല്ലാ രാജാക്കന്മാരും മുഗൾ രാജാക്കന്മാർക്ക് സമ്മാനങ്ങൾ അയച്ചുകൊടുക്കുകയും അവരിൽനിന്ന് ഖില്ലത്ത് സ്വീകരിക്കുകയും ചെയ്തിരുന്നു. ആ സ്ഥാനം ബ്രിട്ടീഷുകാർ ഏറ്റെടുക്കാൻ തീരുമാനിച്ചുവെങ്കിലും ഇന്ത്യയിലെ രാജാക്കന്മാർ അതിനെ പിന്തുണച്ചില്ല. മുഗൾ ഭരണം തകർന്ന ശേഷവും മുഗൾ ചക്രവർത്തിമാർക്ക് ഇന്ത്യയിലെ ജനങ്ങളുടെ മനസ്സിൽ സ്ഥാനമുണ്ടായിരുന്നു. ഇന്ത്യയിലെ ചക്രവർത്തിമാർ അവരായിരുന്നു. ശത്രുക്കളായിരുന്ന മറാഠാ സൈനികരടക്കം ബഹദൂർഷാ സഫറിനെ ചക്രവർത്തിയായി അംഗീകരിച്ചിരുന്നു. നാനാ സാഹബും ബഹദൂർഷായെ അംഗീകരിച്ചിരുന്നു. ഇന്ത്യയിലെ രാഷ്ട്രീയരംഗത്ത് ഒരുപരിധിവരെ ശക്തമായിരുന്നു മതേതരത്വം. ഈ മതേതരത്വമാണ് 1857-ലെ സമരത്തിന്റെ ശക്തിയായി വർത്തിച്ചത്. അതുകൊണ്ടാണ് ഹിന്ദുത്വത്തിന്റെ ആചാര്യനായ വീർസവർക്കർ 1857-ലെ സമരത്തെ ഒന്നാം സ്വാതന്ത്ര്യസമരം എന്ന് വിശേഷിപ്പിച്ചത്. ഹിന്ദുത്വം എന്ന ആശയം അവതരിപ്പിച്ചതുതന്നെ സവർക്കറാണ്. അദ്ദേഹം എഴുതിയ ബൃഹദ് ഗ്രന്ഥമാണ് *ദി ഫസ്റ്റ് വാർ ഓഫ് ഇന്റിപെന്റന്റ്*. ബ്രിട്ടീഷുകാർക്കെതിരായ ശക്തമായ ഏറ്റുമുട്ടലാണ് 1857-ൽ ദൽഹിയിൽ കശ്മീർ ഗെയ്റ്റിൽ നടന്നതെന്നും സാമ്രാജ്യത്വത്തിനെതിരെയുള്ള ഇന്ത്യാചരിത്രത്തിലെ ഏറ്റവും ശക്തമായ പ്രതിരോധമായിരുന്നു അതെന്നും അദ്ദേഹം അതിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഹിന്ദുക്കളും മുസ്ലിംകളും ഒറ്റക്കെട്ടായിനിന്നുകൊണ്ട് പ്രതിരോധം തീർത്തതിനാൽ പ്രതിരോധത്തിന്റെ സുവർണ ദിനങ്ങളാണതെന്നാണ് അദ്ദേഹം വിശേഷിപ്പിച്ചത്.

ആധുനിക ചരിത്രകാരനായ വില്യം ഡാൽറിംപ്ൾ ബഹദൂർഷാ സഫറിനെ കുറിച്ചെഴുതിയ ഗ്രന്ഥത്തിൽ 1857-ലേത് ഒരു ജിഹാദായിരുന്നു എന്ന് പറയുന്നുണ്ട്. അത്തരമൊരു വിശേഷണം സമരത്തെ തരംതാഴ്ത്തലാണെന്നതിൽ സംശയമില്ല. ഇന്നത്തെ മുസ്ലിംവിരുദ്ധ മനസ്സിനെ 1857-ലേക്ക് നയിക്കലാണത്. ക്രിസ്ത്യാനികൾ സമരത്തിൽ കൊല്ലപ്പെട്ടു എന്നതാണ് അതിന് കാരണം പറയുന്നത്. ബ്രിട്ടീഷുകാരായ ക്രിസ്ത്യാനികളോ ബ്രിട്ടീഷുകാരെ സഹായിച്ച ഇന്ത്യക്കാരായ ക്രിസ്ത്യാനികളോ ആണ് കൊല്ലപ്പെട്ടത് എന്ന് മനസ്സിലാക്കേണ്ടതുണ്ട്. യഥാർഥത്തിൽ ഹിന്ദുക്കളും മുസ്ലിംകളും ഒറ്റക്കെട്ടായി നിന്നുകൊണ്ടുള്ള മതേതരമായ സമരമായിരുന്നു 1857-ലേത്.

1857-ലെ സമരത്തെക്കുറിച്ച് കൂടുതൽ ചർച്ചകളും ഗവേഷണങ്ങളും നടക്കേണ്ടതുണ്ട്. കാരണം ഇന്ന് ഇന്ത്യ കടന്നുപോകുന്നത് ഒന്നാം സ്വാതന്ത്ര്യസമരത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കേണ്ട സാഹചര്യത്തിലൂടെയാണ്. ഇന്ത്യൻ ഭരണകൂടം വളരെ താൽപര്യത്തോടെ ആഘോഷിക്കേണ്ടതാണിതിന്റെ 150-ാം വാർഷികം. 1957-ൽ 100-ാം വാർഷികം വിപുലമായി ആഘോഷിച്ചിരുന്നു. കൊളോണിയലിസത്തിനെതിരായി സമരം നയിച്ചവരായിരുന്നു അന്ന് ഭരണം നടത്തിയിരുന്നത് എന്നതായിരുന്നു അതിന്റെ കാരണം. അവരിൽ സാമ്രാജ്യത്വവിരുദ്ധ അവബോധം ഉണ്ടായിരുന്നു. എന്നാൽ സാമ്രാജ്യത്വവുമായി സന്ധിചെയ്താണ് ഇന്നത്തെ ഭരണവർഗം മുന്നോട്ടു പോകുന്നത്. അതുകൊണ്ട് ഇന്ന് സാമ്രാജ്യത്വവിരുദ്ധ സമരം ഏറ്റെടുക്കുക എളുപ്പമല്ല. 1857-ന്റെ 150-ാം വാർഷികം ജനങ്ങൾ ഏറ്റെടുക്കണം. ഇതൊരു ജനകീയ ആഘോഷമാക്കി മാറ്റണം. ഈ വർഷം സാമ്രാജ്യത്വവിരുദ്ധ വർഷമായി ആചരിക്കണം. ■

കോഴിക്കോട്ട് ഐ.പി.എച്ച് പുസ്തകമേളയിൽ '1857-ലെ ഒന്നാം സ്വാതന്ത്ര്യസമരം' ചർച്ച ഉദ്ഘാടനം ചെയ്ത് നടത്തിയ പ്രസംഗത്തിൽനിന്ന്